കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജില്ലാ വെറ്ററിനറി കേന്ദ്രം - നിർമ്മാണം പൂർത്തിയായ കെട്ടിടത്തിന് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 1999-ലെ ചട്ടം 3 സി പ്രകാരം ഇളവനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്**

സ.ഉ.(സാധാ)നം.1958/2019/തസ്വഭവ തീയതി,തിരുവനന്തപുരം:07.09.2019

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:
1. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 05.02.2019-ലെ AHD/150/2019-M2 നമ്പർ കത്ത്.
2. ചീഫ് ടൗൺ പ്ലാനറുടെ 26.07.2019-ലെ TCPCTP/672/2019-C3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം നഗരസഭയിൽ കോടിമാതാ ജില്ലാ വെറ്ററിനറി കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അനുവദിച്ച 3,40,00,000/- രൂപ ഉപയോഗിച്ച് കോട്ടയം വില്ലേജിൽ സർവ്വേ നമ്പർ IX-ൽ 40.52 സെന്റ് സ്ഥലത്ത് 1644.13m2 വിസ്തീർണ്ണത്തിൽ മൂന്നു നിലകളിലായി നിർമ്മിച്ച കെട്ടിടം കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണം ചട്ടത്തിലെ ചട്ടം 54(3) ലംഘിക്കുന്നതിനാൽ നഗരസഭയിൽ നിന്നും കെട്ടിട നമ്പർ അനുവദിക്കുന്നില്ലെന്നും ജില്ലാ വെറ്ററിനറി കേന്ദ്ര സമുച്ചയത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് കെട്ടിട നമ്പർ ലഭിക്കേണ്ടത് അത്യാവശ്യമായതിനാൽ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 1999-ലെ ചട്ടം 3 സി-യുടെ ആനുകൂല്യം ലഭ്യമാക്കി കെട്ടിട നമ്പർ അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അപേക്ഷ സമർപ്പിച്ചിരുന്നു.

കോട്ടയം ഡവലപ്മെന്റ് പ്ലാൻ പ്രകാരമുള്ള എം.സി. റോഡിന്റെ വീതികൂട്ടലിനെ നിർമ്മാണം ബാധിക്കുന്നതായി കാണുന്നില്ലായെന്നും നിർദ്ദിഷ്ട നിർമ്മാണം ഒരു സർക്കാർ സ്ഥാപനത്തിന്റേതാകയാൽ പ്രസ്തുത കെട്ടിടത്തിന് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഇളവ് നൽകുന്നതിന് പരാമർശം (2) പ്രകാരം ചീഫ് ടൗൺ പ്ലാനർ ശിപാർശ ചെയ്തിട്ടുള്ളതാണ്.

1. നിയമാനുസൃതമായി ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി. എന്നിവ ലഭ്യമാക്കേണ്ടതാണ്.
2. കെ.എം.ബി.ആർ. ചട്ടം 54(7), 54(8) പ്രകാരമാവശ്യമായ സംവിധാനങ്ങൾ നൽകേണ്ടതാണ്.
3. നിർമ്മാണം കോട്ടയം ഡവലപ്മെന്റ് പ്ലാനിലെ provisions പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

(തുടർച്ച.......2)

4. കോട്ടയം ഡവലപ്മെന്റ് പ്ലാൻ പ്രകാരമാവശ്യമായ റോഡ് വികസനത്തിനുള്ള സ്ഥലം ചുരുങ്ങിയ സെറ്റ് ബാക്കും ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചീഫ് ടൗൺ പ്ലാനറുടെ റിപ്പോർട്ടിൽ പരാമർശിച്ച നിബന്ധനകൾ പാലിക്കുന്നപക്ഷം ജില്ലാ വെറ്ററിനറി കേന്ദ്രത്തിനായി നിർമ്മിച്ച കെട്ടിടത്തിന് കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണം ചട്ടം 1999-ലെ ചട്ടം 3 സി പ്രകാരം ചട്ടങ്ങളിൽ ഇളവനുവദിച്ച് ടി കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതു സംബന്ധിച്ച തുടർനടപടികൾ കോട്ടയം നഗരസഭാ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
**സജുകുമാർ എൻ.**
ഡെപ്യൂട്ടി സെക്രട്ടറി

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം.
സെക്രട്ടറി, കോട്ടയം നഗരസഭ.
ടൗൺ പ്ലാനർ, കോട്ടയം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ & പി.ആർ.ഡി./വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ